LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3,766 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,616 കേസ്സുകളിന്മേൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ലഭ്യമായ കണക്ക് പ്രകാരം 1,46,88,262 രൂപ (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി എൺപത്തി എണ്ണായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(ബി) 7 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II -ൽ ചേർത്തിരിക്കുന്നു*.

(സി) സ്വീകരിച്ച നടപടി സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു*.

അമിതപലിശ ഈടാക്കൽ നിരോധന നിയമപ്രകാരമുള്ള കേസുകൾ

184 (188) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം 2302 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ 2972 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതിൽ 758 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

ശ്രീ. എ. സുനിൽ രാജിന്റെ പ്രമോഷൻ

185 (189) ശ്രീ. എ. റ്റി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ എച്ച്.എച്ച്.ഡബ്ല്യു.-I, സി.ബി.സി.ഐ.ഡി., എസ്.ഐ. ശ്രീ. എ. സുനിൽ രാജിനെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലിൽ (നമ്പർ 897225/എ 3/14/ആഭ്യന്തരം) തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ശ്രീ. എ. സുനിൽരാജിനെ പ്രമോട്ട് ചെയ്യണമെന്ന അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതിനാലും വിജിലൻസ് കേസ്സിൽ വിചാരണ ഇതുവരെ ആരംഭിക്കാത്തതിനാലും മറ്റ് ശിക്ഷണ നടപടികൾ ഒന്നും ശ്രീ. എ. സുനിൽ രാജിന് എതിരെ നിലവിൽ ഇല്ലാത്തതിനാലും അദ്ദേഹത്തെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 16-10-2014-ലെ 87225/എ 3/14/ആഭ്യന്തരം നമ്പർ പ്രകാരം ശ്രീ. സുനിൽ രാജ് എസ്.ഐ. യുടെ അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ അതേ അവസരത്തിൽ എസ്.ഐ. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി തനിക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ. സുനിൽരാജ് 251/2014 നമ്പർ പ്രകാരം ഹർജി ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ട്രൈബ്യൂണൽ 3-6-2014-ന്റെ വിധിന്യായത്തിൽ ശ്രീ. സുനിൽരാജിന്റെ മേൽ പരാമർശിച്ച അപേക്ഷ റിവ്യൂ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) മുമ്പാകെ ഉത്തരവിന്റെ പകർപ്പ് കിട്ടി രണ്ട് മാസത്തിനുള്ളിൽ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ 17-9-2014-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി. (ലോവർ) പരിശോധിക്കുകയുണ്ടായി. അദ്ദേഹത്തിനെതിരെയുള്ള വിജിലൻസ് കേസ് (VC. 04/2008/ALP) ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷൻ&സ്പെഷ്യൽ ജഡ്ജ്, കോട്ടയം കോടതിയിൽ വിചാരണയിൽ ഇരിക്കുന്നതിനാൽ അതിന്മേൽ അന്തിമവിധി വരുംവരെ കാത്തിരിക്കുവാൻ ഡി.പി.സി. തീരുമാനിക്കുകയും അതനുസരിച്ച് അദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ച് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

കാപ്പ - ആക്ട്

186 (190) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ കാപ്പ-ആക്ട് പ്രകാരം എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ എത്ര പൊതു പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly